## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 284** **12-03-2025 - ൽ മറുപടിയ്ക്ക്**

## ഗുണനിലവാരമുള്ള മാംസോത്പന്നങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. എൻ. കെ. അക്ബർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഗുണനിലവാരമുള്ള മാംസോത്പന്നങ്ങളുടെ ഉല്പാദനവും വിപണനവും ലക്ഷ്യമിട്ട് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | **ഗുണനിലവാരമുള്ള മാംസോത്പന്നങ്ങളുടെ ഉൽപാദനവും വിപണനവും ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:**<br><br>**1. 3102 ലക്ഷം രൂപ മുതൽമുടക്കിൽ അത്യാധുനിക സാങ്കേതിക സംവിധാനമൊരുക്കി ശാസ്ത്രീയമായ രീതിയിൽ ഗുണനിലവാരമുള്ള മാംസോൽപാദനത്തിനായി ബൊവൈൻ പ്ലാന്റ്, സ്വൈൻ പ്ലാന്റ്, റെൻഡറിങ്ങ് പ്ലാന്റ് ഇവ ഉൾകൊള്ളുന്ന ഒരു മോഡേൺ അബറ്റയർ ഇടയാറുള്ള എം.പി.ഐ. ഹെഡ് ക്വാർട്ടേഴ്സ് കാമ്പസിൽ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. പ്രതിവർഷം 1,44,000 മൃഗങ്ങളെ കശാപ്പുചെയ്ത് 9360 മെട്രിക് ടൺ ഇറച്ചി ഉത്പാദിപ്പിക്കാനുള്ള ശേഷി ഇതിനുണ്ട്.**<br><br>**2. ഒരു ഷിഫ്റ്റിൽ 2500 കോഴികളെ സംസ്കരിച്ച് ഇറച്ചിയാക്കാനുള്ള കോഴിയിറച്ചി സംസ്കരണ പ്ലാന്റും ഇടയാറിൽ പ്രവർത്തിക്കുന്നു. ഉൽപാദനം രണ്ടു ഷിഫ്റ്റാക്കി ഉയർത്താൻ നടപടി സ്വീകരിച്ചുവരുന്നു.**<br><br>**3. മൂല്യവർദ്ധിത ഇറച്ചി ഉൽപന്നങ്ങൾ സംസ്കരിക്കുന്നതിന് ഒരു അത്യാധുനിക മൂല്യവർദ്ധിത ഇറച്ചി ഉൽപന്ന സംസ്കരണ പ്ലാന്റ് കൊല്ലം ജില്ലയിൽ എരൂരിൽ നിർമ്മാണം പൂർത്തിയാക്കി ഉൽപാദനം ആരംഭിച്ചിട്ടുണ്ട്. പ്രതിദിനം 4 മെട്രിക് ടൺ ഉൽപന്നങ്ങൾ ഇവിടെ സംസ്കരിക്കാം.**<br><br>**4. ചിൽഡ് / ഫ്രഷ് ഇറച്ചി ഉൽപാദനം പുതിയതായി ആരംഭിച്ചു. ഇതിന്റെ വിപണനത്തിനായി "എം.പി.ഐ. മീറ്റ്സ് & ബൈറ്റ്സ്" എന്ന** |

| | | | |
|---|---|---|---|
| | | | ബ്രാൻഡിൽ ഫ്രാൻഞ്ചൈസി ഔട്ട് ലെറ്റുകൾ 30 എണ്ണം 15.10.2024-ൽ ആരംഭിച്ചു. കൂടുതൽ ഔട്ട് ലെറ്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മൃഗസംരക്ഷണ വകുപ്പിലെ മറ്റൊരു പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷന്റെ (കെപ്കോ) തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഇറച്ചി കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്റ്റ്-കുടുംബശ്രീ ഫാമിംഗ് പദ്ധതിയിലൂടെ വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ തിരിച്ചെടുത്ത് സ്വന്തം പ്രോസസ്സിംഗ് പ്ലാന്റിൽ ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ച് ഗുണമേന്മയുള്ളതും, സംശുദ്ധവുമായ കോഴിയിറച്ചിയും, അനുബന്ധ ഉൽപ്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് വിപണനം നടത്തിവരുന്നു. കൂടാതെ സർക്കാർ കുടുംബശ്രീ വഴി നടപ്പിലാക്കുന്ന കേരള ചിക്കൻ പദ്ധതിയ്ക്കാവശ്യമായ ഒരു ദിവസം പ്രായമായ ഗുണമേന്മയുള്ള ഇറച്ചിക്കോഴി ക്കുഞ്ഞുങ്ങളെയും കെപ്കോയിൽ നിന്നും വിതരണം നടത്തി വരുന്നു. |
| (ബി) | അറവുപ്രവൃത്തികൾക്ക് ആധുനികവും ശാസ്ത്രീയവുമായ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | അറവു പ്രവൃത്തികൾക്ക് ആധുനികവും ശാസ്ത്രീയവുമായ അടിസ്ഥാന സൗകര്യങ്ങളാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ നടപ്പിലാക്കിയിട്ടുള്ളത്. അത്യാധുനിക സാങ്കേതികവിദ്യ യന്ത്രസംവിധാനത്തിൽ സംവേദിപ്പിച്ചാണ് എം.പി.ഐ. മൃഗങ്ങളുടെ അറവു പ്രവർത്തികൾ നടത്തുന്നത്. മോഡേൺ അബറ്റയറിൽ മൃഗങ്ങളെ കശാപ്പ് ചെയ്യുമ്പോൾ ഭക്ഷ്യസുരക്ഷാ നിയമവും, മൃഗങ്ങളോടുള്ള ക്രൂരത നിരോധന നിയമവും, ഗുണനിലവാരം നിലനിർത്തുന്ന സംസ്കരണ രീതിയും പാലിക്കുന്നുണ്ട്.<br><br>മൃഗങ്ങളുടെ ആന്റിമോർട്ടം, സ്ലോട്ടറിങ്ങിനു ശേഷമുള്ള പോസ്റ്റ് മോർട്ടം, ക്ലീനിംങ്ങ്, ചില്ലിങ്ങ്, ഡെബോണിങ്ങ്, പാക്കിങ്ങ് എല്ലാം അംഗീകൃത മാനദണ്ഡങ്ങൾ ഉപയോഗിച്ചു ചെയ്തുവരുന്നു. FSSAI ലൈസൻസ് ലഭ്യമാക്കിയിട്ടുണ്ട്. മാംസ സംസ്കരണത്തിൽ കഴിവും പരിചയ സമ്പത്തുമുള്ള വെറ്ററിനറി ഡോക്ടർമാർ, എൻജിനീയർമാർ, മൈക്രോബയോളജിസ്റ്റ്, ഫുഡ് ടെക്നോളജിസ്റ്റ്, മീറ്റ് ടെക്നോളജിയിൽ സ്കിൽഡ് ആയിട്ടുള്ള ജീവനക്കാർ എന്നിവർ ഉൾപ്പെട്ട ടീം ആണ് സമ്പുഷ്ടവും സംശുദ്ധവും ഏറെ സുരക്ഷിതവുമായ |

| | | | |
|---|---|---|---|
| | | | **എം.പി.ഐ. ബ്രാൻഡ് ഇറച്ചിയും ഇറച്ചി ഉൽപന്നങ്ങളും സംസ്കരിക്കുന്നത്. ഉത്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ ഒരു അത്യാധുനിക ലബോറട്ടറിയും പ്രവർത്തിക്കുന്നു.**<br><br>**കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ആധുനികവും, ശാസ്ത്രീയവുമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തിയാണ് തിരുവനന്തപുരം ജില്ലയിലെ പേട്ടയിൽ പ്രവർത്തിക്കുന്ന മാംസ സംസ്കരണശാല വഴി കോഴിയിറച്ചിയുടെ മാംസ സംസ്കരണം നടപ്പിലാക്കുന്നത്.** |
| (സി) | മാംസം കൊണ്ടുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | **മാംസം കൊണ്ടുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ സംസ്കരിക്കാൻ കൊല്ലം ജില്ലയിൽ ഏരൂർ പഞ്ചായത്തിൽ 15 കോടി രൂപ മുതൽ മുടക്കിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ഒരു അത്യാധുനിക മൂല്യവർദ്ധിത ഇറച്ചി ഉല്പന്ന സംസ്കരണ പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. വർഷത്തിൽ 1440 മെട്രിക് ടൺ മൂല്യവർദ്ധിത ഇറച്ചി ഉൽപന്നങ്ങൾ ഈ പ്ലാന്റിൽ സംസ്കരിക്കാൻ കഴിയുന്നുണ്ട്.**<br><br>**കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ സ്വന്തം നിലയ്ക്ക് തന്നെ അടിസ്ഥാന ചേരുവകൾ ചേർത്ത് കോഴിയിറച്ചിയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ മാരിനേറ്റഡ് ചിക്കൻ, ചിക്കൻ കട്‌ലറ്റ്, ചിക്കൻ സോസേജ്, ചിക്കൻ ലോലിപോപ്പ്, ചിക്കൻ അച്ചാർ എന്നിവ ഉൽപ്പാദനം നടത്തി വിപണനം നടത്തി വരുന്നു.** |

സെക്ഷൻ ഓഫീസർ